## 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 177** **07-06-2021 - ൽ മറുപടിയ്ക്ക്**

## ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | Smt Veena George<br>(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) | |
| (എ) | ആറ്റിങ്ങൽ വലിയകുന്ന് താലൂക്ക് ആശുപത്രിയിൽ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് നിലവിൽ ആരോഗ്യ വകുപ്പിന്റെ പരിഗണനയിൽ ഉള്ള പദ്ധതികൾ വിശദമാക്കുമോ? | (എ) | 1. ഒ.പി കാഷ്വാലിറ്റി ബ്ലോക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും മുന്നൂറ്റി അൻപത് ലക്ഷം രൂപ ചെലവിട്ട് നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു. 2. ഒഫ്ത്താൽമിക് തീയേറ്റർ സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും അൻപത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തികൾ പൂർത്തിയായി. ആയതിന്റെ ഇലക്ട്രിഫിക്കേഷൻ ജോലികൾ നടക്കാനുണ്ട്. 3. മറ്റേണിറ്റി ബ്ലോക്ക് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും മുന്നൂറ്റി അൻപത് ലക്ഷം രൂപ അനുവദിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയായി. പ്രവർത്തികൾ ആരംഭിച്ചിട്ടില്ല. 4. ഡയാലിസ് യൂണിറ്റ് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ നിന്നും നാന്നൂ റ്റി അൻപത് ലക്ഷം രൂപ അനുവദിക്കുകയും സിവിൽ പ്രവൃത്തികൾ പൂർത്തിയായി ഇലക്ട്രിഫിക്കേഷൻ ജോലികൾ നടക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ